'ഭരണഭാഷ മാതൃഭാഷ'

വളരെ അടിയന്തിരം

# വ്യാവസായിക പരിശീലന വകുപ്പ്
## (കേരള സംസ്ഥാനം)

നമ്പർ: ജി1/26825/13

തൈക്കാട്, തിരുവനന്തപുരം-14
തിയതി: 20-02-2014

## ചുറ്ററിയിപ്പ്

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്- അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് ഫെബ്രുവരി -2014-(സെമസ്റ്റർ സ്കീം)-പരീക്ഷാർത്ഥികൾക്ക് നിർദ്ദേശം നൽകുന്നത്-സംബന്ധിച്ച്.

****************

ആദ്യ സെമസ്റ്ററിലേക്കുള്ള അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് ഫെബ്രുവരി 2014 പരീക്ഷ എഴുതുന്ന ട്രെയിനികൾക്കുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു. ടി വിവരം ട്രെയിനികളെ വിശദമായ രീതിയിൽ അറിയിക്കേണ്ടതും പരീക്ഷാ സെന്ററുകളിൽ പ്രദർശിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1. പരീക്ഷ ആരംഭിക്കുന്നതിന് അര മണിക്കൂർ മുമ്പ് പരീക്ഷാർത്ഥികൾ ഹാളിൽ പ്രവേശിക്കേണ്ടതാണ്.
2. ചോദ്യ പേപ്പർ പരീക്ഷാ ഹാളിൽ വിതരണം നടത്തിയതിന് ശേഷം ഒരു കാരണവശാലും താമസിച്ചുവരുന്ന പരീക്ഷാർത്ഥികൾക്ക് ഹാളിലേക്ക് പ്രവേശനം അനുവദിക്കുന്നതല്ല.
3. പരീക്ഷ അവസാനിക്കുന്നതിന് മുമ്പ് അരമണിക്കൂർ അവശേഷിക്കുമ്പോൾ മാത്രമേ പരീക്ഷാ ഹാളിൽ നിന്ന് പുറത്ത് പോകാൻ പരീക്ഷാർത്ഥികളെ അനുവദിക്കുകയുള്ളു.
4. പരീക്ഷാ സമയം കഴിഞ്ഞതിന് ശേഷം മാത്രമേ ചോദ്യപേപ്പർ പുറത്ത് കൊണ്ടു പോകാൻ പരീക്ഷാർത്ഥികളെ അനുവദിക്കുകയുള്ളു.

പ്രസ്തുത മാർഗ്ഗ നിർദ്ദേശ പ്രകാരം പരീക്ഷാ ഹാളിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട ചീഫ്/അഡീഷണൽ/അസിസ്റ്റന്റ്ചീഫ് സൂപ്രണ്ട്/ ഇൻവിജിലേറ്റർമാർ എന്നിവർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ട്രെയിനിംഗ് ഡയറക്ടർക്കുവേണ്ടി.

എല്ലാ ഗവ:/പ്രൈവറ്റ് ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്കും, ഐ.ടി.മാർക്കും

പകർപ്പ്: വകുപ്പ് വെബ്സൈറ്റിലേക്ക്

എസ്സ് എച്ച്120/2/14